# അനാഥമാകുന്ന മയിൽപ്പീലിത്തുണ്ടുകൾ

പി. സുധീർ കുമാർ

സ്കൂൾ തുറക്കുന്ന സീസണിലെ കാഴ്ചകൾ കഴിഞ്ഞ 20 വർഷങ്ങൾ കൊണ്ട് എത്രയോ മാറിയിരിക്കുന്നു. കുഗ്രാമങ്ങളിൽപ്പോലും എല്ലാം വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു, ആധുനികവൽക്കരിക്കപ്പെട്ടിരിക്കുന്നു, പ്രൊഫഷണലൈസ് ചെയ്യപ്പെട്ടിരിക്കുന്നു.

ബട്ടൻസില്ലാത്ത ട്രൗസറുകളും, കീറിത്തുടങ്ങിയ ഷർട്ടുകളും, ചെരിപ്പില്ലാത്ത കാലുകളും, തീപ്പെട്ടിപ്പടങ്ങളും, വളപ്പൊട്ടുകളും തെരഞ്ഞു കൊണ്ടുള്ള തീരെ തിരക്കില്ലാത്ത നടത്തങ്ങളും കാണാനേയില്ല. ഓലപ്പന്തുകളോ കടലാസു വഞ്ചികളോ ഉണ്ടാക്കാനറിയുന്ന കുട്ടികളില്ല. വറുത്ത പുളിങ്കുരുവും അയനിക്കുരുവും തത്ത കൊത്തിയിട്ടുന്ന വാളൻ പുളിയുടെ കഷണങ്ങളും ഇപ്പോൾ സ്കൂളിന്റെ പടി കയറുന്നില്ല. മയിൽപ്പീലിത്തുണ്ടുകൾക്ക് ഒരു പുസ്തകത്താളിലും ഇടം കിട്ടുന്നില്ല. മഷിത്തണ്ടു ചെടികളും, കള്ളിച്ചെടികളും തേടി ഒരു കുട്ടിയും തൊടിയിലിറങ്ങുന്നില്ല.

ഓണസീസൺ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊട്ടുത്ത വ്യാപാരപ്രാധാന്യമുള്ള സീസണായി സ്കൂൾ തുറക്കുന്ന സീസൺ മാറുകയാണ്, അല്ല മാറിക്കഴിഞ്ഞു. ഒരു കുടയും ഒരു ബാഗും ഒരു ചെരിപ്പും രണ്ടാം വർഷം സ്കൂളിന്റെ പടി കയറുന്നില്ല. പുത്തൻകട, പുത്തനുടുപ്പ്, പുത്തൻ ബാഗ്, പുത്തൻ ചെരുപ്പ്.... എന്നിങ്ങനെയാണ് ഓരോ പുതിയ അദ്ധ്യയനവർഷവും ഇടേണ്ടതെന്ന് കുട്ടികളെ 'ബോധവൽക്കരിക്കുന്ന'തിൽ കച്ചവടക്കാർ വിജയിച്ചിരിക്കുന്നു. 'പപ്പ'യും 'മമ്മി'യും പോലെ 'പോപ്പി'യും 'സ്കൂബി'യും കുട്ടികൾക്ക് പരിചിതമായിരിക്കുന്നു.

പുസ്തകങ്ങൾ, ബാഗുകൾ, കുട, ചെരുപ്പ്, ചോറ്റുപാത്രം, വാട്ടർ ബോട്ടിൽ, തൊപ്പികൾ, പേനകൾ, പെൻസിലുകൾ, വസ്ത്രം എന്നിങ്ങനെ 500 കോടി രൂപയുടെ ബിസിനസ്സാണ് സ്കൂൾ തുറപ്പു സീസണിൽ കേരളത്തിൽ നടക്കുന്നത്. പുതിയ ഐറ്റങ്ങൾ ഇറക്കാനും അത് കുട്ടികളെക്കൊണ്ട് ചോദിപ്പിച്ച് വാങ്ങിക്കാനുമുള്ള പരസ്യതന്ത്രങ്ങൾ മെനയാനും വ്യാപാരബുദ്ധികൾ മത്സരിക്കുകയാണ്. അങ്ങിനെ, രണ്ട് ജോടി ഡ്രസ്സും പത്ത് നോട്ടു പുസ്തകവും ഒരു ഇലാസ്റ്റിക്കും ഒരു പേനയും കൊണ്ട് സാഫല്യം സ്കൂൾ വിദ്യാഭ്യാസം കഴിച്ചിരുന്ന കാലം കഴിഞ്ഞിരിക്കുന്നു.

മലയാളം മീഡിയക്കാരായ സകല സർക്കാർ വിദ്യാലയങ്ങളും മനേജ്മെന്റ് വിദ്യാലയങ്ങളും ഇംഗ്ലീഷ് മീഡിയമാക്കാനോ, അതിനായില്ലെങ്കിൽ സൗജന്യ ഇംഗ്ലീഷ് കോച്ചിംഗ് നൽകിയോ ഒരു 'ഇംഗ്ലീഷ് ടച്ചി'നു ശ്രമിക്കുകയാണ്. കുട്ടികളില്ലെങ്കിൽ ഡിവിഷൻ പോകും, ഡിവിഷൻ പോയാൽ ജോലി പോകും എന്ന സൂത്രവാക്യം കാരണം വിദ്യാലയങ്ങൾ ഒന്നാന്തരം വ്യാപാരസ്ഥാപനങ്ങളെപ്പോലെ 'കസ്റ്റമർ സാറ്റിസ്ഫാക്ഷനു വേണ്ടി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും' വാഗ്ദാനം ചെയ്യുന്നു.

അദ്ധ്യാപകർ അധികനേരം ക്ലാസെടുക്കുന്നു, 4 മണിക്ക് സ്കൂൾ വിട്ട ശേഷമോ 10 മണിക്ക് സ്കൂൾ തുടങ്ങുന്നതിനു മുമ്പോ ആയി ഓരോ മണിക്കൂർ സ്പെഷൽ ക്ലാസ് നൽകുന്നു (കുട്ടികൾക്ക് ട്യൂഷൻ ക്ലാസിൽ കൊടുക്കുന്ന പണം ലാഭിക്കാം), S.S.L.C ക്കാർക്ക് 9-ാം ക്ലാസ് കഴിഞ്ഞാലുള്ള വെക്കേഷൻ കാലത്തു തന്നെ ക്ലാസ് തുടങ്ങുന്നു. അദ്ധ്യാപകരുടെ മുൻകയ്യിൽ കുട്ടികളെ കൊണ്ടുവരാനും തിരിച്ചുകൊണ്ടുപോകാനുമായി വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു, ഒടിഞ്ഞതും പഴകിയതുമായ ഫർണ്ണിച്ചറുകൾ പെട്ടെന്ന് കേടുപാടു തീർക്കുന്നു. വാട്ടർ ടാങ്കും, സൈക്കിൾഷെഡ്ഡും എൽ.പി. സ്കൂളിൽ പോലും സർവ്വസാധാരണമായിരിക്കുന്നു. ടീച്ചേഴ്സ് റൂമിൽപ്പോലും ഫാനില്ലാതിരുന്ന ഇന്നലെകളിൽ നിന്നും ഓരോ ക്ലാസിലും ഫാനുകളുള്ള അവസ്ഥയിലേക്ക് കാലം മാറിയിരിക്കുന്നു.

പക്ഷെ, ഈ സൗകര്യങ്ങൾ ഒക്കെ കാട്ടിയിട്ടും കുട്ടികൾ കൂടുതൽ അസന്തുഷ്ടരാണ്. കാരണം, ഈ സൗകര്യങ്ങൾ നൽകുന്നതിന്റെ പേരിൽ രക്ഷകർത്താക്കൾ, അദ്ധ്യാപകർ, സമൂഹം - അവരിൽ നിന്ന് പ്രതീക്ഷിക്കുന്നത് അവർക്കാവാത്ത കാര്യങ്ങളാണ്. തികഞ്ഞ അച്ചടക്കം, പരീക്ഷയിൽ ഉയർന്ന റാങ്കുകൾ, സായിപ്പിന്റെ ഭാഷയിൽ പ്രാവീണ്യം ...... എന്നിങ്ങനെ.

കളിയും ചിരിയും പാതകങ്ങളായി കരുതുന്ന ചുറ്റുപാടുകളിൽ വളരുന്ന കുട്ടികൾ വലുതാവുമ്പോൾ ഉണ്ടാകുന്ന സമൂഹം മനോരോഗികളുടേയും പരപീഡാതത്പരരുടേയും സ്വാർത്ഥരുടേയും ആയാൽ എന്തുണ്ട് തെറ്റ് പറയാൻ?